ശ്രദ്ധക്ഷണിക്കൽ

1. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന നടപടി തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, വളരെ ഗൗരവവും രാഷ്ട്രീയവും സാമ്പത്തികവുമായി മാനമുള്ള ഒരു വിഷയമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. കേന്ദ്ര സർക്കാർ നയം സംസ്ഥാനങ്ങളുടെ സാമ്പത്തികാവസ്ഥയെ തകർക്കുന്നതും ഫെഡറൽ സംവിധാനത്തിന് ആഘാതം ഏൽപ്പിക്കുന്നതുമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേന്ദ്ര-സംസ്ഥാനങ്ങൾക്ക് നൽകേണ്ട നികുതി വിഹിതം 42 ശതമാനത്തിൽ നിന്നും 41 ശതമാനമായി കുറച്ചത് നമ്മുടെ സംസ്ഥാനത്തെയും ബാധിച്ചിരിക്കില്ലേ; പത്താം ധനകാര്യ കമ്മീഷനിൽ നിന്നും പതിനാലാം ധനകാര്യ കമ്മീഷനായപ്പോൾ നമ്മുടെ നികുതി വിഹിതം 3.875 ശതമാനത്തിൽ നിന്നും 1.37 ശതമാനമായി കുറവുവരുത്തി 2.5 ശതമാനമാക്കി. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വീണ്ടും 1.92 ശതമാനമായി കുറച്ചു. കേരളം മാനവവിഭവ സൂചികയിൽ ഉയർന്നുപോയി. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ മാനവ വികസനത്തിന് സംസ്ഥാനം കൂടുതൽ തുക ചെലവഴിച്ചു. ഇത് ദ്രോഹപരമായി കാണുകയാണ് കേന്ദ്രസർക്കാർ.

ഇതിപ്പോൾ നമുക്ക് ദ്രോഹമായി വന്നിരിക്കുകയാണ്. ജനജീവിതം മെച്ചപ്പെട്ടത് നന്നല്ല എന്നാണ് കേന്ദ്രം പറയുന്നത്. കേന്ദ്ര നികുതി വിഹിതം വെട്ടിക്കുറച്ചതിന് ഇത് കാരണമായിരിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 19891 കോടി രൂപയാണ് ഈ വർഷം ലഭിച്ചത്. ഈ ഗ്രാന്റ് രണ്ടുവർഷം കഴിഞ്ഞാൽ ഇല്ലാതാകുകയാണ്. ഈ വിഷയത്തെ ശ്രദ്ധിക്കാത്ത പ്രതിപക്ഷം ഒന്ന് ഓർക്കണം രാജസ്ഥാനിലും ഈ അവസ്ഥ വന്നിരിക്കുകയാണെന്ന കാര്യം. അടുത്തമാസം മുതൽ ജി.എസ്.ടി. കോംബൻസേഷനിൽ നിന്നും നീക്കം ചെയ്യപ്പെടുകയാണ്. സംസ്ഥാനത്തെ സാമ്പത്തികമായി കൂടുതൽ ഞെരുക്കുന്നതിനുവേണ്ടി കടുത്ത നടപടികൾ സ്വീകരിക്കുകയാണ് കേന്ദ്ര സർക്കാർ. ബഡ്ജറ്റിനു പുറത്തുള്ള കടം public debt-ൽ ഉൾപ്പെടുത്താൻ നീക്കം നടത്തുന്നു. സ്റ്റേറ്റ് ഗവൺമെന്റ് എന്തിനൊക്ക കടം എടുക്കുന്നു, എവിടെ നിന്ന് കടമെടുക്കുന്നു, ബാങ്ക് ലോൺ എടുക്കുന്നുണ്ടോയെന്ന കണക്കെല്ലാം പരിശോധിക്കുന്നതിനായി പെർഫോർമെൻസ് ഓഡിറ്റ് ഓഫ് പബ്ലിക് ഡെബ്റ്റ് കേന്ദ്രം പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് പത്ര വാർത്ത. സംസ്ഥാനത്തിന് കടമെടുക്കാനുള്ള അധികാരവും പരിധിയും ഇല്ലാതാക്കലാണ് കേന്ദ്ര ലക്ഷ്യം.

കേന്ദ്രത്തിനും കോർപ്പറേറ്റുകൾക്കും എത്ര വേണമെങ്കിയും കടമെടുക്കാം. അതിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തിനെ സാമ്പത്തികമായി ഞെരുക്കിയും മെരുക്കിയും കൊല്ലാനുള്ള ഈ നീക്കം ചെറുത്തുതോൽപ്പിക്കാൻ സംസ്ഥാനം ഒറ്റക്കെട്ടായി രംഗത്തുവരണം. ഇതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ഏകപക്ഷീയമായി ഭേദഗതി വരുത്തിയത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള വിയോജിപ്പ് പതിനഞ്ചാം ധനകാര്യ കമ്മീഷനുമുമ്പാകെ സെപ്റ്റംബർ 2019-ന് സമർപ്പിച്ച സപ്ലിമെന്ററി മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനങ്ങളോട് ആലോചിക്കാതെ എടുത്ത തീരുമാനം കോ-ഓപ്പറേറ്റീവ് ഫെഡറിലസത്തിന്റെ ലംഘനമാണെന്ന് നമ്മൾ ചൂണ്ടികാണിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനോടുള്ള ഇടപെടലുകളുടെ പരിമിതകളും നിയന്ത്രണങ്ങളും ഉണ്ടായി. കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന

വിഹിതത്തിലും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾക്ക് പങ്ക് വയ്ക്കുന്ന കേന്ദ്ര നികുതി വിഹിതത്തിലും മുൻധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് ഗണ്യമായ കുറവാണുണ്ടായിട്ടുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഞാൻ അംഗീകരിക്കുകയാണ്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് ഈ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പി. നന്ദകുമാർ പറഞ്ഞ ശതമാന കണക്കുകൾ ശരിയാണ്. 3.875 ശതമാനത്തിൽ നിന്നും 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ലെ കേന്ദ്ര നികുതി വിഹിതമായ 19038 കോടി രൂപയേക്കാൾ ഗണ്യമായ കുറവാണ് തുടർന്നുള്ള വർഷങ്ങളിലുണ്ടായത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ post devolution revenue deficit grant-ആയി 2020-21-ൽ 15323 കോടി രൂപയും 2021-22-ൽ 19891 കോടി രൂപയും 2022-23-ൽ 13174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയും ശിപാർശ ചെയ്തിട്ടുണ്ട്. അതിനുശേഷം ഈ ഗ്രാന്റ്

മുന്നോട്ട് വരില്ലെന്നുള്ള സ്ഥിതിയിൽ നിൽക്കുകയാണ്. വളരെ ഗൗരവതരമായ ഈ സ്ഥിതി നമ്മളെയെല്ലാം ബാധിക്കുന്നതാണ്. 2024-25 വർഷത്തോടുകൂടി ഈ ഫണ്ട് തീർന്നാൽ പിന്നെ പണം കിട്ടില്ല. നികുതി വിഹിതത്തിലുണ്ടാകുന്ന കുറവിനെപ്പറ്റി സംസ്ഥാന ഗവൺമെന്റ് വിവിധ മെമ്മോറാണ്ടങ്ങളിലൂടെ ധനകാര്യകമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് ധനമന്ത്രാലയം അംഗീകരിച്ചു. അവർ അംഗീകരിച്ച നിർദ്ദേശങ്ങൾ മാത്രം നടപ്പിലാക്കാൻ കഴിയൂ എന്നതിനാൽ ഇപ്പോൾ നികുതിവിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലെന്നുള്ളത് വളരെ ഗൗരവതരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, 2022 ജൂലൈ 1 മുതൽ കേരളത്തിന് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ജി.എസ്.ടി. സംബന്ധിച്ചുള്ള കോമ്പൻസേഷനുകൾ കിട്ടാത്ത അവസ്ഥ നിൽക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ മേഖലയിലുമുള്ള സബ്സിഡികളും സംസ്ഥാനങ്ങൾക്കുള്ള ആനുകൂല്യങ്ങളും കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് വരെ ഇന്ത്യയിലാകെ ഫുഡ് സബ്സിഡിക്ക് കൊടുത്തിരുന്ന 5,41,330

കോടി രൂപ 2,86,469 കോടി രൂപയായി വെട്ടിക്കുറച്ചതിന്റെ അനുഭവവും കേരളത്തെ ബാധിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെയും മണ്ണെണ്ണ സബ്സിഡിയുടെയും കാര്യത്തിലായാലും ഇത്തരത്തിലുള്ള കുറവാണ് കേരളത്തിന് വന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹം ഉന്നയിച്ച ആ കണക്കിനകത്ത് ഒരു കാര്യം കൂടി പറയേണ്ടതാണെന്ന് ഞാൻ കരുതുന്നു. പതിനഞ്ചാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്രത്തിനാണ് കിട്ടുന്നത്. എന്നാൽ മൊത്തം ചെലവ് ബാധ്യതയുടെ 62.4 ശതമാനവും സംസ്ഥാനങ്ങളുടെ ചുമലിലാണ്. 50:50 ജി.എസ്.ടി വരുമാനമാണ് ഇപ്പോൾ കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിൽ പങ്കുവയ്ക്കുന്നത്. 40 ശതമാനമേ കേന്ദ്രം എടുക്കാൻ പാടുള്ളൂവെന്നും 60% സംസ്ഥാനങ്ങൾക്ക് കൊടുക്കണമെന്നും ഇക്കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ആകെയുള്ള ചെലവിന്റെ 62.4% നമ്മളാണ് വഹിക്കുന്നത്. എന്നാൽ വരുമാനത്തിന്റെ 62.7 ശതമാനവും കിട്ടുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. ഇത് പറഞ്ഞിരിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷനാണ്. അതുകൊണ്ട് 60:40 എന്ന ഇപ്പോഴത്തെ പ്രൊവിഷൻ മാറ്റണമെന്ന

അഭിപ്രായം പറഞ്ഞിട്ടുണ്ട്. മറ്റ് പല മേഖലകളിലും ഇതുപോലെയുള്ള വരുമാന നഷ്ടം വന്നിട്ടുണ്ട്. അതുസംബന്ധിച്ച ഒരു കണക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ജി.എസ്.ടി.-ക്ക് മുമ്പുണ്ടായിരുന്ന സംസ്ഥാനനികുതി വരുമാനത്തിന്റെ 52 ശതമാനമാണ് സംസ്ഥാനങ്ങൾ ത്യജിച്ചത്. എന്നാൽ കേന്ദ്രം അവർക്കുണ്ടായിരുന്ന 28% മാത്രമേ ഇതിനായി വിട്ടുകൊടുത്തിട്ടുള്ളൂ. അങ്ങനെയാണ് ജി.എസ്.ടി. നടപ്പായത്. ഇതുനോക്കുമ്പോഴും സംസ്ഥാനവും കേന്ദ്രവും വരുമാനം ത്യജിച്ചതിന്റെ കാര്യത്തിൽ വലിയ വ്യത്യാസമാണ് വന്നിട്ടുള്ളത്. ഇത്തരത്തിൽ ഓരോ മേഖലയിലുമുള്ള പ്രശ്നങ്ങളോട് നമ്മൾ കളക്ടീവായി നിൽക്കണം. ഏറ്റവുമൊടുവിലായി കടമെടുക്കാനുള്ള അളവിനെ വെട്ടിക്കുറയ്ക്കാനുള്ള അതിശക്തമായ നിലപാടെടുത്തിരിക്കുന്നതിൽ നമ്മൾ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞിട്ടും ആയത് അംഗീകരിച്ചിട്ടില്ല. നിയമസഭയും കേരളഗവൺമെന്റും കേരളത്തിലെ ജനങ്ങളും ഒരുമിച്ച് ചേർന്ന് സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കുന്ന കേന്ദ്ര നിലപാടിനെതിരെ ശക്തമായ നിലപാടെടുക്കുകയല്ലാതെ ഒരു തീരുമാനവും ഉണ്ടാകുന്ന സ്ഥിതിയില്ലെന്നുള്ളതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും

ഗൗരവതരമായ പ്രശ്നമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, വളരെ വിശദമായി ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. അതീവ ഗുരുതരമായ ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിനകത്ത് ചർച്ച പ്രാഥമികമായി വന്നിട്ടുണ്ടാകും. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെയാകെ വികാരം കേന്ദ്രത്തെ അറിയിക്കത്തക്ക രൂപത്തിൽ വല്ല ഇടപെടലും നടത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളും അവരുടെ വരുമാനത്തെപ്പറ്റി പറഞ്ഞു. ഏറിയ സംസ്ഥാനങ്ങളും ബി.ജെ.പി. ഭരിക്കുന്നവയാണ്; പക്ഷേ ആ സംസ്ഥാനങ്ങൾക്കുൾപ്പെടെ വലിയ വരുമാന നഷ്ടമാണെന്നുള്ള ഒരു വികാരം പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ അടുത്ത അഞ്ച് വർഷക്കാലത്തേയ്ക്കുകൂടി നീട്ടണമെന്നും ആകെ പിരിക്കുന്ന ജി.എസ്.ടി.-യുടെ 60% സംസ്ഥാനങ്ങൾക്കും 40% കേന്ദ്രങ്ങൾക്കും വേണമെന്നുമുള്ള അഭിപ്രായവും അതോടൊപ്പം ഒരു പ്രധാനപ്പെട്ട കാര്യവും കൂടി പറഞ്ഞു.

അത്യപൂർവ്വമായ സന്ദർഭങ്ങളിൽ മാത്രം ആർട്ടിക്കിൾ 271 അനുസരിച്ച് ടാക്സുകളുടെ മേൽ ഒരു പ്രത്യേക സെസ്സ് ഏർപ്പെടുത്താൻ കേന്ദ്രത്തിനാകും. ആ അത്യപൂർവ്വമായ അവസരങ്ങളിൽ ഉപയോഗിക്കാവുന്ന ആർട്ടിക്കിൾ 271 എന്ന ഭരണഘടനാ പ്രൊവിഷനുപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ പെട്രോളിയത്തിന്റെ സെസ്സ് ഏർപ്പെടുത്തുന്നത്. 2011-12-ൽ കേന്ദ്രത്തിന്റെ ആകെ വരുമാനത്തിന്റെ 10 ശതമാനമായിരുന്ന സെസ്സ് ഇപ്പോൾ 20 ശതമാനത്തിലധികമാണ്. അങ്ങനെ 5.3 ലക്ഷം കോടി രൂപയാണ് 2021-22-ൽ മാത്രമായി അവർ പിരിച്ചെടുത്തത്. ഇങ്ങനെ പിരിച്ചെടുക്കുന്ന പണം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ട. ഇങ്ങനെ സെസ്സ് വഴി പിരിക്കുന്നതും പാടില്ലെന്ന് ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടും യൂണിയൻ ഫിനാൻസ് മിനിസ്റ്റർ കൃത്യമായ തീരുമാനം പ്രഖ്യാപിച്ചിട്ടില്ല. ഇത് കേന്ദ്ര ഗവൺമെന്റ് ആലോചിച്ചിട്ട് പ്രഖ്യാപിക്കുമെന്നാണ് കരുതുന്നത്. നമുക്ക് അർഹമായത് കിട്ടിയില്ലെങ്കിൽ, സംസ്ഥാനങ്ങൾക്ക് നികുതി സംബന്ധിച്ച് അവകാശമുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ "ജി.എസ്.ടി. കൗൺസിൽ വഴിയുള്ളത് ഒരു അഡ്വൈസറി നാച്വർ ആണ്;

സംസ്ഥാനങ്ങളുടെ അവകാശത്തെ കൺക്ലൂസീവായി ഇല്ലാതാക്കാൻ ഈ ജി.എസ്.ടി. കൗൺസിലിന് കഴിയില്ല" എന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളെ ഹനിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നതെങ്കിൽ വിവിധ തലത്തിലേയ്ക്ക് നിയമപരമായും ഭരണഘടനാപരമായുമുള്ള സമീപനങ്ങൾ സ്വീകരിക്കേണ്ടിവരുന്നമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സഭ ഒരുമിച്ച് ഭാവിയിൽ അക്കാര്യങ്ങളിൽ ചർച്ച ചെയ്യേണ്ടി വരുമെന്നാണ് ഞാൻ കരുതുന്നത്.

(2) മത്സ്യത്തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. എ. മജീദ്: സർ, ദുരിതപൂർണ്ണമായി ജീവിതം നയിക്കുന്ന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന അതീവ ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നം അങ്ങയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവയുടെ വിലക്കയറ്റംമൂലവും മത്സ്യബന്ധന മേഖലയിലെ പുതിയ കേന്ദ്ര-സംസ്ഥാന നിയമങ്ങൾമൂലവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം അതീവ ദുസ്സഹമായിരിക്കുകയാണ്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന

മണ്ണെണ്ണയ്ക്ക് ഒരു ലിറ്ററിന് 86 രൂപയും മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് 136 രൂപയുമാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് യഥാക്രമം 16 രൂപയും 20 രൂപയുമാണ്. കർണ്ണാടകയിൽ ലിറ്ററിന് 35 രൂപയാണ് വില ഈടാക്കുന്നത്. 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ 25 രൂപ നിരക്കിൽ ആവശ്യമായ അളവിൽ മണ്ണെണ്ണ നൽകുമെന്നും ഇതിനായി 60 കോടി രൂപ വകയിരുത്തുമെന്നും പറഞ്ഞിരുന്നുവെങ്കിലും ഇത് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത വാഗ്ദാനപ്രകാരം ആവശ്യമായിട്ടുള്ള അളവിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. തീരക്കടലും ആഴക്കടലും കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്ന ബ്ലൂ ഇക്കോണമി എന്ന കേന്ദ്ര സർക്കാർ നിയമവും സെൻട്രൽ മറൈൻ ഫിഷറീസ് പോളിസിയിലെ മത്സ്യത്തൊഴിലാളി വിരുദ്ധനയങ്ങളും പിൻവലിക്കുന്നതിനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തി മുന്നോട്ടുപോകണം. അതോടൊപ്പം ഭവനനിർമ്മാണ പദ്ധതി പുന:സ്ഥാപിക്കുന്നതിനും ഫിഷറീസ് സ്കൂളുകൾ നവീകരിക്കുന്നതിനും ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ മുന്നറിയിപ്പുമൂലം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ നൽകുന്ന

സഹായധനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താനാവശ്യമായ എല്ലാ നടപടികളുമെടുക്കണമെന്ന് ഞാൻ പ്രത്യേകം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുറേയേറെ കാര്യങ്ങൾ അനുഭാവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി ഇതിനിടയിൽത്തന്നെ ചെയ്തുവന്നിട്ടുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല. ഈ മേഖലയിലെ മത്സ്യത്തൊഴിലാളി യൂണിയനുകളെല്ലാം സമരങ്ങളിലാണ്. മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എസ്.റ്റി.യു.)-ന്റെ നേതാവ് ശ്രീ. ഉമ്മർ ഒട്ടുമ്മലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരം നടത്തിയിരുന്നു. അതുപോലെ മത്സ്യത്തൊഴിലാളികളുടെ വിവിധ യൂണിയനുകളും സമരം നടത്തുന്നുണ്ട്. അവരെയെല്ലാം വിളിച്ചുകൂട്ടി ചർച്ച നടത്തി സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ പരമാവധി ചെയ്തു പോകണമെന്നുകൂടി ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ അങ്ങയോട് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട തിരൂരങ്ങാടി അംഗം ഇവിടെ

ഉന്നയിച്ച വിഷയങ്ങൾ മത്സ്യബന്ധമേഖലയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ളവയാണ്. ഇന്ധനവില വർദ്ധനവും നീല സമ്പദ്‌വ്യവസ്ഥയുമടക്കം ഒട്ടനവധി വിഷയങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഒന്നാമതായി ചൂണ്ടിക്കാണിച്ചത്, മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവയുടെ വിലക്കയറ്റം സംബന്ധിച്ചാണ്. മത്സ്യബന്ധത്തിനുപയോഗിക്കുന്ന ഇന്ധനങ്ങളുടെ, പ്രത്യേകിച്ചും മണ്ണെണ്ണയുടെ വിലവർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. പൊതുവിപണിയിൽ ഇന്ന് മണ്ണെണ്ണയുടെ വില ലിറ്ററിന് 142.77 രൂപയും സിവിൽ സപ്ലൈസ് വകുപ്പുവഴി വിതരണം ചെയ്യുന്ന സബ്‌സിഡിരഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 102 രൂപയും ഡീസലിന് ലിറ്ററിന് 96.52 രൂപയും പെട്രോളിന് 107.71 രൂപയുമാണ്. ഇതിൽ മണ്ണെണ്ണയുടെ വിലയാണ് ഏറ്റവും കൂടുതൽ. ഇത്തരമൊരു സാഹചര്യം മുമ്പുണ്ടായിട്ടില്ല. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധനമേഖലയുടെ തകർച്ചയ്ക്ക് കാരണമാകും.

പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാവകാശം എണ്ണകമ്പനികൾക്ക് നൽകിയതാണ്...., ഇതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനാണ്. നിലവിൽ ബി.ജെ.പി. അതിനൊപ്പം നിൽക്കുന്നുവെന്നതാണ് ഇതിന്റെ മുഖ്യകാരണം. ഒരിക്കൽ ചെയ്ത തെറ്റിന്റെ എല്ലാ ദോഷവശങ്ങളും നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നാക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായത്ര മണ്ണെണ്ണ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്ത് നിരവധി യോഗങ്ങൾ നടത്തി. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിക്ക് നിരവധി തവണ നിവേദനങ്ങൾ അയച്ചു. ഇനിമുതൽ ഒരു ലിറ്റർ മണ്ണെണ്ണപോലും തരില്ലെന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറയുന്നത്, അതുമായി ബന്ധപ്പെട്ട് പുതിയ പ്രശ്നം വന്നിരിക്കുകയാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണിയിലെ വില 52 രൂപയായിരുന്നു. അതാണ് വർദ്ധിച്ച് 144 രൂപയിൽ എത്തിയത്. കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ മണ്ണെണ്ണയുടെ

വിലയിൽ 50 രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇതിനുപുറമെ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്കും ഈ കാലയളവിൽ 43 രൂപയാണ് കേന്ദ്രം വർദ്ധിപ്പിച്ചത്. നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ് ഈ മണ്ണെണ്ണ ഇപ്പോൾ ലഭ്യമാകുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർവരെ മണ്ണെണ്ണ ഇത്തരത്തിൽ അനുവദിക്കുന്നുണ്ട്. ഇത് ഈ മേഖലയുടെ മണ്ണെണ്ണയുടെ ആവശ്യത്തിന്റെ കാൽഭാഗംപോലും നിറവേറ്റാൻ സാധിക്കില്ല. മത്സ്യഫെഡ് വഴി അനുവദിക്കുന്ന അതേ അനുപാതത്തിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 350 കോടി രൂപ വേണ്ടിവരും. മത്സ്യബന്ധനമേഖലയിലെ 14332 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി പ്രതിവർഷം ഒരു ലക്ഷം കിലോ ലിറ്ററിലധികം മണ്ണെണ്ണ ഇപ്പോൾ ആവശ്യമാണ്. ഇവിടെ രജിസ്റ്റർ ചെയ്ത 14332 എഞ്ചിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. മുപ്പത്തിരണ്ടായിരത്തിലധികം എഞ്ചിനുകൾ നമ്മുടെ നാട്ടിലുണ്ടെന്നതാണ് വസ്തുത. 14332 എഞ്ചിനുകൾക്കുമാത്രമേ

ഇപ്പോൾ ഒരു ലക്ഷം കിലോലിറ്റർ മണ്ണെണ്ണ വേണം. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡിരഹിത മണ്ണെണ്ണ സംസ്ഥാനത്ത് മത്സ്യബന്ധനമേഖല, കാർഷികമേഖല ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ 129 ലിറ്റർ മുതൽ 180 ലിറ്റർ വരെയാണ് മത്സ്യബന്ധനത്തിനായി അനുവദിക്കുന്നത്. 108000 കിലോ ലിറ്റർ മണ്ണെണ്ണ പ്രതിവർഷം ആവശ്യമുള്ളിടത്ത് ഈ സാമ്പത്തികവർഷത്തിൽ ഇതുവരെ 2160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

വില വർദ്ധിപ്പിച്ചതിനുപിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രം നൽകിയ കത്തിൽ മണ്ണെണ്ണയ്ക്കുപകരം മത്സ്യബന്ധനത്തിന് പെട്രോളോ ഡീസലോ ഉപയോഗിച്ചുകൂടേയെന്നാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ചോദിച്ചത്. സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ നാലിൽ ഒന്ന് മാത്രമാണ് കേന്ദ്രം അനുവദിക്കുന്നത്. അതും ഇനി പ്രതീക്ഷിക്കണ്ടെന്ന നിലപാടാണ് കേന്ദ്രത്തിനുള്ളത്.

ഇന്ധനമായി പെട്രോളോ സീഡലോ ഉപയോഗിക്കണമെങ്കിൽ ഈ എഞ്ചിനുകൾ മുഴുവൻ മാറ്റണം. കോടാനുകോടി രൂപ സംസ്ഥാന ഗവൺമെന്റിന് ബാധ്യതവരുന്നതാണ്. മത്സ്യത്തൊഴിലാളിക്ക് താങ്ങാൻ കഴിയാത്തതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.........

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയമായതിനാൽ എനിക്ക് സമയം അനുവദിക്കണം. മറ്റൊരു പ്രധാന പ്രശ്നം രജിസ്ട്രേഷൻ ഫീസും ലൈസൻസും സംബന്ധിച്ചാണ്. 2018 ജൂലൈ മാസം മുതൽ പ്രാബല്യത്തിൽവന്ന മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ 2019 ജൂലൈ 1 മുതൽ കുറവ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചാണ് നടപ്പാക്കിവരുന്നത്. ഇതുപ്രകാരം 5 മീറ്റർ വരെയുള്ള യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. 25 മീറ്ററിനുമുകളിൽ വലിപ്പമുള്ളതിന് 50000 രൂപയായിരുന്നത് 25000/- രൂപയായി ഗവൺമെന്റ് കുറച്ചുവെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം സംബന്ധിച്ച ചോദ്യമാണ് അടുത്തത്. മത്സ്യത്തൊഴിലാളികൾ

ഇടനിലക്കാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിലാണ്. മത്സ്യത്തൊഴിലാളികളെ ഇവരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുമായി കൊണ്ടുവന്നിട്ടുള്ള നിയമമാണിത്. 10 ശതമാനം മുതൽ 20 ശതമാനംവരെ ലേല കമ്മീഷനായി കേരള തീരത്തെ വിവിധ ഹാർബറുകളിൽ വാങ്ങുന്നുണ്ട്. ഈ ഘട്ടത്തിലാണ് കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമത്തിലെ 5(4) ഉപവകുപ്പുപ്രകാരം ഇതിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുള്ളത്. എല്ലാവരുമായി ചർച്ച ചെയ്താണ് ഈ നിയമം പാസ്സാക്കിയത്. ലേല കമ്മീഷൻ 5 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നുമാത്രവുമല്ല, ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 40 ശതമാനം മത്സ്യത്തൊഴിലാളിക്കുതന്നെ വാർഷിക ഉൽപ്പാദന ബോണസ്സായി നൽകുന്നു. 20 ശതമാനം തുക മത്സ്യത്തൊഴിലാളികൾ അംഗമായ സൊസൈറ്റികൾക്ക് വിഭജിച്ചുനൽകുന്നു. 20 ശതമാനം തുക മാത്രമായി ലേല കമ്മീഷൻ കുറച്ചു. 20 ശതനമാനം തുക ബന്ധപ്പെട്ട

ഹാർബർ/ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി മാറ്റുകയാണ്. യാതൊരു തുകയും സർക്കാർ വാങ്ങുന്നില്ല പിണറായി വിജയൻ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.........പ്ലീസ്....

ശ്രീ. സജി ചെറിയാൻ: സർ, ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നീല സമ്പദ് വ്യവസ്ഥ സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ബ്ലൂ ഇക്കോണമി നയം മത്സ്യമേഖലയിൽ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശങ്ക ഉണ്ടായിട്ടുണ്ട്. 20-09-2021-നുമുമ്പുതന്നെ ഈ കാര്യങ്ങളെല്ലാം കാണിച്ച് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിരുന്നു. കടലിൽ മീൻപിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യവിൽപ്പന, കടൽമത്സ്യ വിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണമെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പും നല്ല നിലയിൽ ഇടപെട്ടതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയമത്തിൽ 103-ഓളം ഭേദഗതി നിർദ്ദേശങ്ങൾ

ഇതിനോടകം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞു. ബില്ലിന്റെ പരിധി എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലും ഹൈ സീയിലും മാത്രമാക്കാൻ കഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്......... മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. സജി ചെറിയാൻ: സർ, ഒരു കാര്യം മാത്രമേയുള്ളൂ. ഈ ഗവൺമെന്റിന്റെ അഭിമാനകരമായ പദ്ധതിയാണ് ലൈഫ് മിഷൻ. 5744 പേരിൽ 3447 പേർ കരാറിൽ ഏർപ്പെട്ട് 1325 ഭവനങ്ങൾ പൂർത്തീകരിച്ച് ഇന്ന് കേരളത്തിലെ മത്സ്യത്തൊഴിലാളിക്ക് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം ലൈഫ് മിഷൻ വഴി നടക്കുന്നു. പുനർഗേഹം പദ്ധതിവഴി ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നടക്കുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഇടപെട്ടതിന്റെ ഫലമായി 54 വിദ്യാർത്ഥികൾ എം.ബി.ബി.എസ്. പാസ്സായ ചരിത്രമാണ് കേരളത്തിൽ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കാൻ കഴിഞ്ഞത്. യൂണിയനുകളുമായി നിരന്തരമായി ചർച്ച നടത്തുന്ന ഒരു ഗവൺമെന്റാണിത്. അങ്ങ് അത് അംഗീകരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. വീണ്ടും

യൂണിയനുകളുമായി ചർച്ച നടത്താം. മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും യോജിച്ച പ്രക്ഷോഭണം കേന്ദ്രഗവൺമെന്റിനെതിരെയുള്ള ശക്തമായ പോരാട്ടത്തിന് പ്രതിപക്ഷം കൂടി മുൻകയ്യെടുക്കണമെന്നും മുന്നോട്ടുവരണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാടുമൂലമുള്ള ബുദ്ധിമുട്ടുകൾ നാം അനുഭവിക്കുകയാണ്. കത്തയയ്ക്കുന്നതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ കേന്ദ്രത്തിൽപോയി അർത്ഥപൂർണ്ണമായ ചർച്ച നടത്തണം. ഇക്കാര്യത്തിൽ കേരളം ഒറ്റക്കെട്ടാണ്, പ്രതിപക്ഷത്തെ എല്ലാ കക്ഷികളുടെയും സഹകരണമുണ്ടാകും. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രത്തിൽപോയി അർത്ഥപൂർണ്ണമായ ചർച്ച നടത്താൻ തയ്യാറാകണമെന്നതാണ് എന്റെ അപേക്ഷ. അങ്ങ് പറഞ്ഞ എല്ലാ കാര്യത്തോടും ഞാൻ യോജിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, അർത്ഥപൂർണ്ണമായ ചർച്ചയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ദിവസവും നടന്നുകൊണ്ടിരിക്കുന്നത്.

ചർച്ചയുടെ കുഴപ്പമല്ല. കോൺഗ്രസ്സുകാർ തുടങ്ങിവച്ച കെടുതി ഞങ്ങളിപ്പോൾ അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽപോയി ഇക്കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആലോചിച്ചശേഷം പ്രതിപക്ഷത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ഒരിക്കൽക്കൂടി കേന്ദ്രത്തിൽ പോയി ഈ വിഷയങ്ങൾ ചർച്ച ചെയ്യാം.